കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചവറ ബ്ലോക്ക് പഞ്ചായത്ത്

# 2015-16 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
e-mail:doklm.ksad@kerala.gov.in

*(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)*

നം.കെ.എസ്.എ.കെ.എൽ.എം. ഡി.ബി.454/17

കേരള സ്റ്റേറ്റ് ഓഡിറ്റ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,

കൊല്ലം ജില്ല

തീയതി-26/04/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചവറ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം :ചവറ ബ്ലോക്ക് പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി

ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, ഭാഗം 3ലെ 3-2, 3-12, 3-14 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ചവറ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u>

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3) കാര്യാലയ പകർപ്പ്

## കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ചവറ ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 23.9.16 മുതൽ 14.2.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും

മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ശ്രീമതി മിനി.എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.2.2017 മുതൽ 22.2.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സിന്ധു.ജി | (ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ രതീഷ്.കെ | (സീനിയർ ഗ്രേഡ് ഓഡിറ്റർ) |
| | ശ്രീമതി ശ്രീജ.എസ് | (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1.ചവറ ഹരീഷ് കുമാർ | 1.4.15 മുതൽ 11.11.15 വരെ |
| | 2.തങ്കമണി പിള്ള | 12.11.15 മുതൽ 31.3.16. വരെ |
| സെക്രട്ടറി | 1.ആർ.രവിരാജ് | 1.4.15 മുതൽ 29.9.15വരെ |
| | 2.ശിവദാസൻപിള്ള (in charge) | 29.9.15 മുതൽ 12.10.15 വരെ |
| | ജോസ് ടി.കെ | 12.10.15 മുതൽ 1.2.16 വരെ |

| | | |
|---|---|---|
| | കെ.അനിലാകുമാർ | 1.2.16മുതൽ<br>31.3.16വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| ഡി.ഇ.ഒ. | ജാക്വലിൻ | 1.4.15മുതൽ<br>31.3.16വരെ |
| സി.ഡി.പി.ഒ. | ഷീലാസുരേന്ദ്രൻ | 1.4.15മുതൽ<br>31.3.16വരെ |
| എക്സിക്യൂട്ടീവ് എൻജിനീയർ | ജ്ഞലാ | 1.4.15 മുതൽ<br>9.6.15വരെ |
| | മാലിനി | 18.6.15 മുതൽ<br>31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, C.H.C തെക്കുംഭാഗം | ഡോ.വിനോദ് | 1.4.15 മുതൽ<br>31.3.16 വരെ |
| മെഡിക്കൽ ഓഫീസർ, C.H.C ചവറ | ഡോ.ബ്രൈറ്റ് | 1.4.15മുതൽ<br>8.6.15 വരെ |
| | ഡോ.അന്ന തോമസ് | 9.6.15 മുതൽ<br>9.8.15 വരെ |
| | ഡോ.ബ്രൈറ്റ് | 10.8.15 മുതൽ<br>30.12.15 വരെ |
| | ഡോ.രജനി | 31.12.15 മുതൽ<br>28.2.16 വരെ |
| | ഡോ.മേഴ്സി | 29.2.16 മുതൽ<br>31.3.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, T.H.Cനീണ്ടകര | 1.ഡോ.ലസിത | 1.4.15മുതൽ 31.3.16.വരെ |
| അസി.ഡയറക്ടർ, അഗ്രിക്കൾച്ചർ | ജയ | 1.4.15മുതൽ 31.3.16.വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യ പത്രിക. | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | പദ്ധതി അവലോകനം | 1.6 |
| 7 | തനത് വരുമാനം | 1.7 |
| 8 | ക്ഷേമപദ്ധതികൾ | 1.8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1.9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1.10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 |
| | ഭാഗം 2 | |
| 12 | സാംഖ്യരസീതുകൾ പരിപാലിക്കുന്നതിലെ അപാകതകൾ | 2-1 |
| 13 | ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തില്പ്രവര്ത്തിക്കുന്ന സബ് ട്രഷറിയുടെ വാടക നാളിതുവരെയായി ഈടാക്കിയിട്ടില്ല. | 2-2 |
| | ഭാഗം 3 | |
| 16 | ഐ എ വൈ ഭവന പദ്ധതി-തുക കൈപ്പറ്റി പണി പൂർത്തികരിക്കാത്തത് സംബന്ധിച്ച് | 3-1 |
| 17 | ഭിന്നശേഷിയുള്ള വനിതകൾക്ക് സൈഡ് വീലോട്ക്കൂടിയ | 3-2 |

| | | |
|---|---|---|
| | സ്കൂട്ടർ-നാളിതുവരെ സ്കൂട്ടർ ലഭ്യമാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു- 1242000/-രൂപ | |
| 18 | വെബ്സൈറ്റ് വരിസംഖ്യ നൽകിയത്-കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.രൂപ 3000/- പ്രോജക്ട് നമ്പർ 01/15-16 | 3-3 |
| 19 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തടസ്സപ്പെടുത്തുന്നു.രൂപ 200000/ | 3-4 |
| 20 | കാലിത്തീറ്റ ധനസഹായ പദ്ധതി-അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല.തുക തടസ്സപ്പെടുത്തുന്നു. രൂപ 3000000/- | 3-5 |
| 21 | കാലിതൊഴുത്ത് നിർമ്മാണം- വനിത ഘടക പദ്ധതി-വ്യക്തിഗത ആനുകൂല്യം ബ്ലോക്കുകൾ മുഖേന നടപ്പിലാക്കി.ചെലവ് തടസ്സപ്പെടുത്തുന്നു.രൂപ 482000/- | 3-6 |
| 22 | എസ്.സി.ഡി.ഒ നടപ്പാക്കിയ പ്രോജക്ട് - അപാകതകൾ | 3-7 |
| 23 | CHC കാന്റീൻ കെട്ടിടം-ഉദ്ഘാടനം കഴിഞ്ഞിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല | 3-8 |
| 24 | ഓട കവറിംഗ് സ്ലാബ്- കനംകൂടിയ കമ്പി ഉപയോഗിച്ചതുമൂലം അധികചെലവ് | 3-9 |
| 25 | സാക്ഷരതാ കലോത്സവം ബ്ലോക്ക് വിഹിതം നൽകിയതിന്റെ വിനിയോഗസർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. | 3-10 |
| 26 | കെ.എം.എസ്.സി.എൽ നിന്ന് മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല | 3-11 |
| 27 | ബ്ലോക്ക് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ, സബ്ട്രഷറി ഇവയുടെ കറൻറ്ചാർജ്, തനത്ഫണ്ടിൽ നിന്നും ചെലവഴിക്കുന്നു. | 3-12 |
| 28 | നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങിയിരിക്കുന്നു. | 3-13 |
| 29 | നീണ്ടകര താലൂക്ക് ഹോസ്പിറ്റലിന് ഉപകരണങ്ങൾ വാങ്ങൽ- | 3-14 |

| | | |
|---|---|---|
| | പ്രോജക്ട് നിർവ്വഹണം അപാകതകൾ- | |
| 30 | തള്ളത്ത് ജംഗ്ഷൻ മുതൽ കണ്ണംകര വരെ റോഡ് നിർമ്മാണം-അപാകതകൾ | 3-15 |
| 31 | കോട്ടയ്ക്കകം ലക്ഷംവീട് കോളനി നവീകരണം-402334/-രൂപ ചെലവഴിച്ച പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിൽ | 3-16 |
| 32 | ഐ.എ.വൈ.സ്കീം – തുക വിനിയോഗ സ്റ്റേറ്റ്മെന്റ് | 3-17 |
| 33 | ഭാഗം 4 | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | ഡെപ്പോസിറ്റ് വർക്കിനു നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 37 | വായ്പ -വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 43 | സാക്ഷ്യപത്രം | 4-10 |

# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.15 | 4.7.15 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 15-16 | 22.1.17 | |

ന്യൂനതകൾ

1.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തിയുടെ കൃത്യമായ മൂല്യം കണക്കാക്കുവാൻ കഴിയുന്നില്ല.
2.സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ Closing Stock ന്റെ കൃത്യത കണക്കാക്കുവാൻ കഴിയുന്നില്ല.
3. ബാലൻസ് ഷീറ്റിൽ അഡ്ജസ്റ്റ് ചെയ്യാൻ ശേഷിക്കുന്ന അഡ്വാൻസിന്റെ ഇനം തിരിച്ചുള്ള വിവരം ബോദ്ധ്യപ്പെട്ടിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26285750 |
| വരവ് | 102149389 |
| ആകെ | 128435139 |
| ചെലവ് | 87991601 |
| നീക്കിയിരിപ്പ് | 40443538 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4436036 | 22903420 | 27339456 | 27339456 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 3443910 | 7100957 | 10544867 | 10544867 | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 0 | 48000 | 48000 | 48000 | 0 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1091838 | 3423778 | 4515616 | 4515616 | 0 | |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 79 | 99857340 | 71 | 44176483 | | 8 | 90 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 88% കുറവ് ഉണ്ടായിട്ടുണ്ട്.

(ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളുടെ കാര്യത്തിൽ ഘടകസ്ഥാപനങ്ങളിൽ നിന്നുള്ള വരവും പരിഗണിക്കേണ്ടതാണ്.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | |
| നികുതിയേതര വരവുകൾ | 207153 | 186621 | (-)20532 | |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 1397390 | 1817 | | (-)1395573 |
| ആകെ | 1604543 | 188438 | (-)1416105 | 88% |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.2.17 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സാംഖ്യ രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് പര്യാപ്തമാകും വിധം ഇൻഫ്രാസ്ട്രക്ച്ചർ ഒരുക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ കളക്ഷൻ സ്വീകരിക്കുന്ന വേളകളിൽ സാംഖ്യാപ്രകാരമുള്ള രസീതുകൾ നൽകാൻ പ്രിന്ററിന്റെ പ്രവർത്തന തകരാറുമൂലം പലപ്പോഴും സാധിക്കുന്നില്ല. സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായ പ്രകാരമാണ് അക്കൌണ്ടിംഗ് നടത്തുന്നത് എങ്കിൽ തന്നെയും പണം ഒടുക്കുന്ന വ്യക്തിയ്ക്ക് സാംഖ്യ രസീതുകൾ പ്രിന്റ് ചെയ്ത് നൽകാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4-12-2016 | 2016-17 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.11.2016 | 2012-13വരെയുള്ള ഓഡിറ്റ് അദാലത്ത് | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

## ഭാഗം-2

### വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 സാംഖ്യ രസീതുകൾ പരിപാലിക്കുന്നതിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിൽ സാംഖ്യ രസീതുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. കൂടാതെ മാന്വൽ രസീതുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. ആയതിനാൽ ഓരോ ഇനത്തിലും എത്ര വീതം രസീതുകൾ ശേഷിക്കുന്നതായി കണക്കാക്കുവാൻ കഴിയുന്നില്ല. കൂടാതെ രസീതുകൾ സാംഖ്യ സ്റ്റേഷനറിയിൽ എഴുതി നൽകിയശേഷം ആയത് പിന്നീട് ഇൻറ്ററപ്റ്റട് രസീതുകൾ ആയി സാംഖ്യയിൽ ചേർക്കുന്നു. രസീതുകളുടെ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല. ടി അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായ പ്രകാരമാണ് അക്കൌണ്ടിംഗ് നടത്തുന്നത് എങ്കിൽ തന്നെയും പണം ഒടുക്കുന്ന വ്യക്തിയ്ക്ക് സാംഖ്യരസീതുകൾ പ്രിന്റ് ചെയ്ത് നൽകാൻ കഴിയാത്ത സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് ട്രഷറിയുടെ വാടക നാളിതുവരെയായി ഈടാക്കിയിട്ടില്ല.

19.12.2005 ലെ 1V(1) നം.കമ്മിറ്റി തീരുമാന പ്രകാരം സബ് ട്രഷറി ആരംഭിക്കുന്നതിലേക്ക് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടത്തിന്റെ രണ്ട് മുറികൾ വിട്ടുകൊടുക്കുന്നതിന് തീരുമാനിച്ചു. G.O(Rt)No.1195/06തീ 21.02.2006 പ്രകാരം പ്രവർത്തനം തുടങ്ങിയ തീയതി മുതൽ 3 വർഷത്തേക്ക് വാടക ഇല്ലാതെയും ആയതിന് ശേഷം P.W.D നിശ്ചയിക്കുന്ന നിരക്കിൽ വാടക നൽകിയും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ 16/03/2006ലാണ് താക്കോൽ കൈമാറിയിട്ടുള്ളത്.എന്നാൽ പ്രവർത്തനം തുടങ്ങി നാളിതുവരെയായിട്ടും വാടക ഈടാക്കി തുടങ്ങിയിട്ടില്ല.(മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും ആയത് സംബന്ധിച്ച് പരാമർശം ഉണ്ട്). കെട്ടിട വാടക നിശ്ചയിക്കുന്നതിന് സ്ഥലത്തിൻെറ ലാൻറ് വാല്യൂ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് പി.ഡബ്ല്യു.ഡി അസിസ്റ്റൻറ് എഞ്ചിനീയർ അറിയിച്ചെങ്കിലും നാളിതുവരെ ലഭ്യമാക്കി വാടക ഈടാക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ

എൻക്വയറിക്ക് മറുപടിയായി (നം.4/17)കളക്ടർ മുഖേന ലാൻറ് വാല്യു സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. തനത് വരുമാനം കുറവായ ബ്ലോക്ക് പഞ്ചായത്തിൽ വാടക കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്. ഇതിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഐ എ വൈ ഭവന പദ്ധതി-തുക കൈപ്പറ്റി പണി പൂർത്തികരിക്കാത്തത് സംബന്ധിച്ച്.

2015-2016 സാമ്പത്തിക വർഷത്തിൽ ഐ എ വൈ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | പഞ്ചായത്ത് | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | ശാന്തമ്മ,അമ്പാല കിഴക്കതിൽ,കൊറ്റംകുളങ്ങര | ചവറ | 17500/- |
| 2 | ശ്യാമള,കണ്ടത്തിൽ കിഴക്കതിൽ,പയ്യാലക്കാവ് | ചവറ | 97500/- |
| 3 | സുമീക്ഷ,പുതുക്കളയിൽ,ഭരണിക്കാവ് | ചവറ | 109500/- |
| 4 | പ്രിയംവദ,ചീരാളത്ത് വടക്കതിൽ,മാവേലി | പൻമന | 179500/- |
| 5 | ആശ ഉത്തമൻ, വേളരയ്യത്ത് വടക്കതിൽ, വടക്കും തലമേക്ക് | പൻമന | 91500/- |
| 6 | സുനിത,മലമേൽ വടക്കതിൽ,ചാമ്പക്കടവ് | പൻമന | 49500/- |
| 7 | രാജി,പുതുവിള വടക്കതിൽ,വടക്കുംതല | പൻമന | 49500/- |
| 8 | പ്രകാശ്,പുത്തൻ പുരകിഴക്കതിൽ,കൊല്ലക | പൻമന | 189500/- |
| 9 | ശാരദ,ചെപ്പള്ളിതെക്കതിൽ,പുത്തൻ ചന്ത | പൻമന | 91500/- |
| 10 | പങ്കജവല്ലി,ചെങ്ങഴത്ത് തെക്കതിൽ,വടക്കുംതല | പൻമന | 179500/- |
| 11 | ജയ,ചെങ്ങഴത്ത്,പൻമന | പൻമന | 189500/- |

| | | | |
|---|---|---|---|
| 12 | ഫസീല ബീവി,കോഴിതോടത്ത് പടീറ്റതിൽ | പൻമന | 91500/- |
| 13 | ഷീജ ഷാനവാസ്,കരിത്തറ പടീറ്റതിൽ, വടക്കുംതല മേക്ക് | പൻമന | 49500/- |
| 14 | ഖദീജ ബീവി,കൊന്നേകോട്ട് കിഴക്കതിൽ, വടക്കും തല | പൻമന | 139500/- |
| 15 | സുജാത ബാബു,കൊല്ലൻ പറമ്പിൽ, | ചവറ | 52000/- |
| 16 | രാധാമണിഅമ്മ,തള്ളത്ത് കിഴക്കതിൽ,പുതുക്കാട് | ചവറ | 17500/- |
| 17 | മാളു മനോജ്,വളവിൽ തെക്കതിൽ, പയ്യാലക്കാവ് | ചവറ | 91500/- |
| 18 | നബീസത്ത് ബീവി, തോപ്പിൽ തെക്കതിൽ, ചവറ | ചവറ | 91500/- |
| 19 | കവിത മനോജ്,താഴത്തെ വടക്കേത്തറ, കൊല്ലക | പൻമന | 91500/- |
| 20 | കുമാരി,വയലിത്തറ,അരിനല്ലൂർ | തേവലക്കര | 91500/- |
| 21 | മല്ലിക രാജൻ,പറവൂർ തെക്കതിൽ, തേവലക്കര | തേവലക്കര | 91500/- |
| 22 | ആനന്ദവല്ലി, കരിമ്പിൻ തറ, കോയിവിള | തേവലക്കര | 139500/- |
| 23 | രജിലാ ബീവി,സാദത്ത് മൻസിൽ, മൊട്ടക്കൽ | തേവലക്കര | 49500/- |
| 24 | നസീമ,പുത്തൻ കുളങ്ങര പടിഞ്ഞാറ്റതിൽ, പാലക്കൽ | തേവലക്കര | 49500/- |
| 25 | കുഞ്ഞമ്മ,ചരുവിള പുത്തൻവീട്, പടിഞ്ഞാറ്റക്കര | തേവലക്കര | 91500/- |
| 26 | വിജയമ്മ, ലക്ഷംവീട്നം 56, മാലിഭാഗം | തെക്കും ഭാഗം | 17500/- |
| 27 | കമലാക്ഷി,കൊച്ചുകുഴി പടിഞ്ഞാറ്റതിൽ,ദളവാപുരം | തെക്കും ഭാഗം | 17500/- |
| 28 | അശോകൻ, ഇന്ദുഭവനം,നടുവത്തു ചേരി | തെക്കുംഭാഗം | 17500/- |

| | | | |
|---|---|---|---|
| 29 | മേരി സോളമൻ,പുത്തൻ കോവിൽ പടിഞ്ഞാറ്റതിൽ | നീണ്ടകര | 189500/- |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളെക്കൊണ്ട് എത്രയും വേഗം പണി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.